പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2417 **27-10-2026-ൽ മറുപടിയ്ക്ക്**

ഗാർഹിക ആവശ്യങ്ങൾക്കായി സോളാർ പാനലുകൾ സ്ഥാപിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) ഗാർഹിക ആവശ്യങ്ങൾക്കായി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ൽ അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

മറുപടി: സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

1. **അപേക്ഷാ ഫീസ്:** ഓരോ അപേക്ഷയോടൊപ്പവും Annexure A സഹിതം 1,000 രൂപ അപേക്ഷാ ഫീസ് നൽകേണ്ടതാണ്.

2. **ഫീസിബിലിറ്റിയും കണക്റ്റിവിറ്റിയും:** നിർദിഷ്ട സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാധ്യത പരിശോധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഫീസിബിലിറ്റി, കണക്റ്റിവിറ്റി എന്നിവ നേടേണ്ടതാണ്.

3. **പ്രസ്തുത ഫീസിബിലിറ്റിക്ക് 30 ദിവസ കാലാവധിയാണുള്ളത്. അതിനുള്ളിൽ രജിസ്ട്രേഷൻ ഫീസും അനുബന്ധ രേഖകളും:** Annexure B സഹിതം ഓരോ kW-നും ₹1,000 നിരക്കിൽ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതും, കൂടാതെ, താഴെപ്പറയുന്ന രേഖകളും സമർപ്പിക്കേണ്ടതാണ്: A/B ക്ലാസ് ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ അംഗീകരിച്ച സിംഗിൾ ലൈൻ ഡയഗ്രം (SLD). സോളാർ പാനലുകൾ, ഇൻവെർട്ടർ, ഐസൊലേറ്ററുകൾ എന്നിവയുടെ സാങ്കേതിക സ്പെസിഫിക്കേഷനുകൾ. MCB, ELCB, Inverter എന്നിവയുടെ ടൈപ്പ് ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ. Inverter ന്റെ BEE സർട്ടിഫിക്കറ്റ്.

4. **പ്രവൃത്തി പൂർത്തീകരണത്തിനു ശേഷമുള്ള രേഖകൾ:** ഇൻസ്റ്റലേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ അംഗീകരിച്ച Annexure C-യും NABL അംഗീകൃത ലബോറട്ടറി നൽകിയ മീറ്റർ ടെസ്റ്റിംഗ് സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

5. **നെറ്റ് മീറ്ററിംഗ് കരാർ:** Annexure C സമർപ്പിച്ചതിന് ശേഷം ഉപഭോക്താവ് ₹200 മുദ്രപ്പത്രത്തിൽ (Stamp Paper) നെറ്റ് മീറ്ററിംഗ് കരാർ ഒപ്പുവെക്കേണ്ടതാണ്.

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് അപേക്ഷ നിരസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിതരണ ട്രാൻസ്ഫോർമറിന്റെ ആകെ ശേഷിയുടെ 90% മാണ് renewable energy integration സാധ്യമാകുന്നത്. സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചതിനാൽ നിലവിൽ ആകെയുള്ള ട്രാൻസ്ഫോർമറുകളുടെ ഏകദേശം 1.20% ട്രാൻസ്ഫോർമറുകൾ (1084 എണ്ണം) 90% Solar threshold ൽ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

പ്രസ്തുത പരിധി കഴിഞ്ഞാൽ ആ ട്രാൻസ്ഫോർമറിനു കീഴിൽ വരുന്ന സോളാർ അപേക്ഷകൾ പരിഗണിക്കുവാൻ സാങ്കേതികമായി കഴിയുകയില്ല.

(സി) Storage full (Transfomer) ആണെന്നും ഇനി അനുവദിക്കാൻ പാടില്ല എന്നും സൂചിപ്പിച്ച് അപേക്ഷ റിജക്റ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) 110 കെ.വി. സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്ന ട്രാൻസ്ഫോർമറിൽ എത്ര ഗാർഹിക സോളാർ കണക്ഷനുകൾക്കുള്ള അപേക്ഷകളാണ് പരിഗണിക്കാനാകുന്നതെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> വിതരണ ട്രാൻസ്ഫോർമറിന്റെ 90% ശേഷി അടിസ്ഥാനമാക്കിയാണ് സോളാർ കണക്ഷനുകൾക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നത്. 110 കെ.വി സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്ന ട്രാൻസ്ഫോർമർ അടിസ്ഥാനമാക്കിയല്ല.

സെക്ഷൻ ഓഫീസർ